## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1830 — 14.07.2011-ൽ മറുപടിയ്ക്ക്

### ഒറ്റപ്പാലം താലൂക്ക് ആശുപത്രി ഐ.പി.എച്ച്.എസ്. ആയി ഉയർത്തുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ എം.ഹംസ. | | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) | |
| (എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ 2006 ജൂൺ മുതൽ 2011 മാർച്ച് വരെയുള്ള കാലത്ത് ആരോഗ്യ വകുപ്പിന് കീഴിലെ ഏതെല്ലാം സ്ഥാപനങ്ങളിൽ കെട്ടിടങ്ങൾക്കും മറ്റ് അനുബന്ധ സൗകര്യങ്ങൾക്കുമായി എത്ര തുക വീതം ചെലവഴിച്ചു എന്നതിന്റെ വിശദാംശം പ്രത്യേകം പ്രത്യേകം ലഭ്യമാക്കാമോ; | (എ) | ഒറ്റപ്പാലം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ പുതിയതായി ഒരു മാതൃശിശുവിഭാഗം പണിപൂർത്തീകരിച്ചു. ആയതിന് അഞ്ചുകോടി നാൽപ്പത്തിയാറ് ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ എൻ.ആർ.എച്ച്.എം വഴി ഉപകരണം വാങ്ങുവാനായി 2007 ൽ 10 ലക്ഷം രൂപയും 2008 ൽ ഫർണിച്ചറും മറ്റും വാങ്ങുവാനായി 10 ലക്ഷം രൂപയും നൽകി. സി.എച്ച്.സി. അമ്പലപ്പാറയ്ക്ക് പുതിയ ഓപ്പറേഷൻ തീയേറ്റർ & കാഷ്വാലിറ്റിബ്ലോക്ക് നിർമ്മിക്കുവാനായി 21,51,082 രൂപയുടെ അനുമതി നൽകി. പി.എച്ച്.സി. മണ്ണൂരിന് ഇമ്മ്യൂണൈസേഷൻ ബ്ലോക്ക് പണിയുവാൻ 20 ലക്ഷം രൂപയും നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഒറ്റപ്പാലം താലൂക്ക് ആശുപത്രി ഐ.പി.എച്ച്.എസ്.(ഇൻഡ്യൻ പബ്ലിക്ഹെൽത്ത് സ്റ്റാൻഡേർഡ്സ്)ആയി ഉയർത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദീകരിക്കാമോ; | (ബി) | ഒറ്റപ്പാലം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ OT യുടെ നവീകരണത്തിനായി 2,22,600 രൂപ അനുവദിച്ചു. ഇത് എച്ച്.എൽ.എൽ. നെയാണ് നിയോഗിച്ചിരിക്കുന്നത്. നവീകരണ പ്രവർത്തനം തീരുന്ന മുറയ്ക്ക് OTക്ക് ആവശ്യമായ ഉപകരണങ്ങൾ നൽകുന്നതാണ്. കൂടാതെ ആശുപത്രിയുടെ പഴയ KHRWS കെട്ടിടത്തിന്റെയും ഒ.പി. യുടെയും നവീകരണത്തിനായി 83,78,243 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി ഹിന്ദുസ്ഥാൻ പ്രീഫാബിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. പ്രൊജക്ട് ആരംഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത പ്രവർത്തനത്തിന് എന്തെങ്കിലും തടസ്സം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വിശദീകരിക്കാമോ? | (സി) | പദ്ധതിയുടെ വിശദമായ പ്രൊജക്ട് റിപ്പോർട്ട് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ.